"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ : സുഫിയാൻ അഹമ്മദ് ഐ എ എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ചാല, പീച്ചി, നാഗലശ്ശേരി, എടപ്പാൾ എന്നിവിടങ്ങളിൽ സർക്കാർ ഐ.ടി.ഐ-കൾ ആരംഭിക്കുന്നതിന് പുതിയ തസ്തിക സൃഷ്ടിക്കുന്നത് - വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്), ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ), എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ, സ്റ്റോർ അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പുനർവിന്യസിച്ചും, പുന:ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

പരാമർശം :-
1) ഡി.ജി.ടി.-യുടെ 05.04.2022-ലെ MSDE(DGT)-19/03(2)/2022-CD നമ്പർ കത്ത്
2) സർക്കാർ ഉത്തരവ് (കൈ) നമ്പർ. 21/2023/തൊഴിൽ, തീയതി: 04.07.2023
3) ട്രെയിനിംഗ് ഡയറക്ടറുടെ 07.11.2023-ലെ DT/2064/2022-A2 നമ്പർ ഉത്തരവ്
4) സർക്കാർ ഉത്തരവ് (കൈ) നമ്പർ. 32/2024/തൊഴിൽ, തീയതി: 13.09.2024

**ഉത്തരവ് നമ്പർ : DT/2064/2022-A2, തീയതി : 11-11-2024**

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ നേമം മണ്ഡലത്തിലെ ചാല, ഒല്ലൂർ മണ്ഡലത്തിലെ പീച്ചി, തൃത്താല മണ്ഡലത്തിലെ നാഗലശ്ശേരി, തവനൂർ മണ്ഡലത്തിലെ എടപ്പാൾ എന്നിവിടങ്ങളിൽ നാല് പുതിയ ഐ.ടി.ഐ കൾ ആരംഭിക്കുന്നതിലേക്കായി, ആവശ്യമായി വരുന്ന 63 സ്ഥിരം തസ്തികകളിൽ, 3 എണ്ണം (ക്ലാർക്ക് തസ്തികകൾ) പുതിയതായി സൃഷ്ടിച്ചും 60 എണ്ണം വകുപ്പിൽ നിലവിലുള്ള വിവിധ തസ്തികകൾ പുനർവിന്യസിച്ച് പുനഃക്രമീകരിക്കുന്നതിനുള്ള അനുമതി നൽകിയും പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം വകുപ്പിൽ നിലവിലുള്ള 60 വിവിധ തസ്തികകൾ പരാമർശം (4) സർക്കാർ ഉത്തരവ് അനുസരിച്ച് പുതിയ നാല് ഐ.ടി.ഐ.-കളിലേയ്ക്ക് പുനർവിന്യസിച്ച് പുനഃക്രമീകരിക്കേണ്ടതുണ്ട്.

ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം സിലബസിലെ വർക്ക്ഷോപ്പ് കാൽക്കുലേഷൻ & സയൻസ്, എഞ്ചിനീയറിംഗ് ഡ്രോയിംഗ് എന്നീ വിഷയങ്ങളുടെ സമയ ദൈർഘ്യം പരാമർശം (1) പ്രകാരം പുതുക്കി നിശ്ചയിച്ചതിനെ തുടർന്ന് വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികയിലെ ജീവനക്കാരുടെ ജോലി സമയത്തിൽ വളരെയധികം കുറവ് വന്നിട്ടുണ്ട്. അരിത്തമെറ്റിക് കം ഡ്രോയിംഗ് ഇൻസ്ട്രക്ടർമാരുടെ സേവനം അവരുടെ യോഗ്യതകൾക്ക് അനുയോജ്യമായി വിനിയോഗിക്കാമെന്ന് ഡി.ജി.ടി.-യുടെ

നിർദ്ദേശമുള്ളതിനാലും, എംപ്ലോയബിലിറ്റി സ്കിൽ വിഷയം പഠിപ്പിക്കുന്നതിന് സ്ഥിരം ഇൻസ്ട്രക്ടർമാരുടെ അഭാവം വകുപ്പിൽ നിലനിൽക്കുന്ന സാഹചര്യത്തിലും, അരിത്തമെറ്റിക് കം ഡ്രോയിംഗ് ഇൻസ്ട്രക്ടർമാരെ സിലബസ് അനുസരിച്ച് ട്രെയിനിംഗ് നൽകി എംപ്ലോയബിലിറ്റി സ്കിൽ വിഷയം കൂടി പഠിപ്പിക്കുന്നതിന് നിയോഗിക്കുവാൻ പരാമർശം (2) പ്രകാരം സർക്കാർ അനുമതി നൽകുകയും, പരാമർശം (3) പ്രകാരം നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

വകുപ്പിൽ നിലവിലുള്ള 197 ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികകളിൽ നിലവിലെ 104 ഐ.ടി.ഐ.-കളിൽ മേൽപ്രകാരം വർക്ക്ഷോപ്പ് കാൽക്കുലേഷൻ & സയൻസ്, എഞ്ചിനീയറിംഗ് ഡ്രോയിംഗ്, എംപ്ലോയബിലിറ്റി സ്കിൽ എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് പുനർവിന്യാസത്തിലൂടെയും പുനഃക്രമീകരണത്തിലൂടെയുമടക്കം 161 തസ്തികകൾ മാത്രം മതിയാകുന്നതാണ്. ഇപ്രകാരം 36 ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികകൾ അധികമായി വന്നതിനാൽ, ടി 36 തസ്തികകൾ പുതിയതായി ആരംഭിക്കുന്ന (ചാല, പീച്ചി, നാഗലശ്ശേരി, എടപ്പാൾ) ഐ.ടി.ഐ.-കളിലേയ്ക്ക് പുനർവിന്യസിച്ച് വിവിധ തസ്തികകളായി പുനഃക്രമീകരിക്കുന്നതിന് നിലവിലുള്ള ഐ.ടി.ഐ.-കളിൽ നിന്നും ഷിഫ്റ്റ് ചെയ്യുവാൻ പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ടി സാഹചര്യത്തിൽ അധികമായി കണ്ടെത്തിയ 36 ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികകൾ പുതിയതായി ആരംഭിക്കുന്ന ഐ.ടി.ഐ.-കളിലേയ്ക്ക് പുനർവിന്യസിക്കുന്നതിനായി നിലവിലുള്ള 104 ഐ.ടി.ഐ.-കളിലേയ്ക്ക് ഇതോടൊപ്പമുള്ള **അനുബന്ധം** പ്രകാരം പുനർവിന്യാസത്തിലൂടെയും പുനഃക്രമീകരണത്തിലൂടെയുമടക്കം 161 തസ്തികകൾ മാത്രമായി നിജപ്പെടുത്തി ഉത്തരവാകുന്നു. ആയത് അനുസരിച്ച് അനുബന്ധം (കോളം. 7) പ്രകാരമുള്ള 161 ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികകൾ മാത്രം പ്രസ്തുത ഐ.ടി.ഐ.-കളിൽ നിലനിൽക്കുന്നതാണ്.

ആയതിനാൽ അനുബന്ധം (കോളം. 6) പ്രകാരം അധികമായിട്ടുള്ള 37400-79000 ശമ്പള നിരക്കിലെ 36 ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികകളും, ആറ്റിങ്ങൽ ഐ.ടി.ഐ.-യിലെ 37400-79000 ശമ്പള നിരക്കിലുള്ള 2 ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികകളും (ആകെ 38 എണ്ണം) പ്രസ്തുത ഐ.ടി.ഐ കളിൽ നിന്നും ഷിഫ്റ്റ് ചെയ്ത് ചുവടെപ്പറയുന്ന പ്രകാരം വിവിധ തസ്തികകളായി പുനർവിന്യസിച്ചും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പുതിയതായി ആരംഭിക്കുന്ന ഐ.ടി.ഐ.-യുടെ പേര് | അധികമായി കണ്ടെത്തിയ 36 ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികകളും, 2 ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികകളും പരാമർശം (4) പ്രകാരം ചുവടെപ്പറയുന്ന വിവിധ തസ്തികകളായി പുനർവിന്യസിക്കുന്നു. | ശമ്പള നിരക്ക് | എണ്ണം | ഷിഫ്റ്റ് ചെയ്യുന്ന 36 ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികകൾ നിലവിലുണ്ടായിരുന്ന ഐ.ടി.ഐ.-യുടെ പേര് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | Govt. ITI Edappal | Junior Instructor (Artificial Intelligence Programming Assistant) | 37400-79000 | 2 | ITI Seethamgoli<br>ITI Kasaragod |
| | | Junior Instructor (Fashion Design & Technology) | 37400-79000 | 2 | ITI Padiyoor<br>ITI Kurumathoor |
| | | Junior Instructor (Mechanic Motor Vehicle) | 37400-79000 | 2 | ITI Kannur<br>ITI Kannur |
| | | Junior Instructor (Solar Technician - Electrical) | 37400-79000 | 2 | ITI Koduvally<br>ITI Naripatta |
| | | Junior Instructor (Arithmetic Cum Drawing) | 37400-79000 | 1 | ITI (W) Thazhekkode |
| 2 | Govt. ITI Nagalasseri | Junior Instructor (Additive Manufacturing Technician - 3D Printing) | 37400-79000 | 2 | ITI Areacode<br>ITI Perumatti |
| | | Junior Instructor (Computer Aided Embroidery & Designing) | 37400-79000 | 2 | ITI Elumbulassery<br>ITI Malampuzha |
| | | Junior Instructor (Draughtsman Civil) | 37400-79000 | 2 | ITI Malampuzha<br>ITI Cherppu |
| | | Junior Instructor (Information Technology) | 37400-79000 | 2 | ITI Manaloor<br>ITI Chalakkudy |
| | | Junior Instructor (Arithmetic Cum Drawing) | 37400-79000 | 1 | ITI Arakkuzha |
| | | Junior Instructor (Fashion Design & Technology) | 37400-79000 | 2 | ITI Kalamassery<br>ITI Maneed |

| | | | | | |
|---|---|---|---|---|---|
| 3 | Govt. ITI Peechi | Junior Instructor (Draughtsman Civil) | 37400-79000 | 2 | ITI (W) Changanassry<br>ITI Pallikkathode |
| | | Junior Instructor (Electrician - Power Distribution) | 37400-79000 | 2 | ITI Pallikkathode<br>ITI Pallikkathode |
| | | Junior Instructor (Mechanic Motor Vehicle) | 37400-79000 | 2 | ITI Ettumannur<br>ITI Ettumannur |
| | | Junior Instructor (Arithmetic Cum Drawing) | 37400-79000 | 1 | ITI Pallippadu |
| 4 | Govt. ITI Chalai | Junior Instructor (Additive Manufacturing Technician - 3D Printing) | 37400-79000 | 2 | ITI Vayalar<br>ITI (W) Chengannur |
| | | Junior Instructor (Industrial Robotics & Digital Manufacturing Technician) | 37400-79000 | 2 | ITI Chadayamangalam<br>ITI Attingal |
| | | Junior Instructor (Marine Fitter) | 37400-79000 | 2 | ITI Chackai<br>ITI Chackai |
| | | Junior Instructor (Multimedia Animation & Special Effects) | 37400-79000 | 2 | ITI Chackai<br>ITI Malyinkeezhu |
| | | Junior Instructor (Arithmetic Cum Drawing) | 37400-79000 | 1 | ITI Dhanuvachapuram |
| | | Junior Instructor (Welder)<br>***01.08.2025 മുതൽ പ്രാബല്യം*** | 37400-79000 | 2 | Junior Instructor (Welder) from Govt. ITI Attingal |
| | | | | **38** | |

**ആറ്റിങ്ങൽ ഐ.ടി.ഐ.-യിലെ പ്രസ്തുത വെൽഡർ ട്രേഡിലെ 2024 അക്കാഡമിക് വർഷത്തെ അഡ്മിഷൻ നടപടികൾ പരാമർശം (4) സർക്കാർ ഉത്തരവിന് മുമ്പ് ആരംഭിച്ചതിനാൽ പ്രസ്തുത 2 ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) തസ്തികകളും 31.07.2025 വരെ മാത്രം ആറ്റിങ്ങൽ ഐ.ടി.ഐ.-യിൽ തന്നെ നിലനിൽക്കുന്നു.*

ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികയിൽ 166 സ്ഥിരം ജീവനക്കാർ നിലവിലുള്ളതിനാലും, പുതിയ ഐ.ടി.ഐ.-കളിൽ എടപ്പാൾ ഐ.ടി.ഐ.-യും മറ്റ് മൂന്ന് ഐ.ടി.ഐ.-കളിൽ എല്ലാ ട്രേഡുകളും 2024 അക്കാഡമിക് വർഷത്തിൽ ആരംഭിക്കാത്തതിനാലും, 2024 അക്കാഡമിക് വർഷം (161+3) 164 തസ്തികയിലും 2025 അക്കാഡമിക് വർഷം മുതൽ (161+4) 165 തസ്തികയിലും മാത്രം

സ്ഥിരം ജീവനക്കാരെ നിലനിർത്തിയാൽ മതിയാകുന്നതാണ്. ആയതിനാൽ 2024-ൽ അധികമാകുന്ന രണ്ട് സ്ഥിരം ജീവനക്കാരെ അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഓപ്ഷൻ / ജൂനിയോരിറ്റി അനുസരിച്ച് മറ്റ് ട്രേഡുകളിൽ പുനർവിന്യസിക്കുന്നതും, തുടർന്ന് ടി രണ്ട് ജീവനക്കാരെ ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികയിൽ എന്ന് ഒഴിവ് ഉണ്ടാകുന്നോ അന്ന് തിരികെ അബ്സോർബ് ചെയ്യുന്നതുമാണ്.

വകുപ്പിൽ 14 എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ സ്ഥിരം തസ്തികകൾ നിലവിലുണ്ട്. ടി സ്ഥിരം തസ്തികൾ നിലവിൽ ഒഴിഞ്ഞു കിടക്കുകയാണ്. പരാമർശം (2) പ്രകാരം ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്) തസ്തികയിലെ ഇൻസ്ട്രക്ടർമാരുടെ സേവനം എംപ്ലോയബിലിറ്റി സ്കിൽ വിഷയം കൂടി പഠിപ്പിക്കുന്നതിന് നിയോഗിക്കുവാൻ അനുമതി ലഭിക്കുകയും, പരാമർശം (3) പ്രകാരം നിയോഗിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ വകുപ്പിൽ എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർമാരുടെ ആവശ്യകത വരുന്നില്ല. പരാമർശം (4) പ്രകാരം ടി 14 സ്ഥിരം തസ്തികകൾ പുതിയതായി ആരംഭിക്കുന്ന 4 ഐടിഐകളിലേക്ക് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി പുനർവിന്യസിച്ചിട്ടുണ്ട്.

ആയതിനാൽ പരാമർശം (4) സർക്കാർ ഉത്തരവ് അനുസരിച്ച് ചുവടെപ്പറയുന്ന ഐ.ടി.ഐ.-കളിൽ നിലവിലുള്ള 14 എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ തസ്തികകളും, 4 സ്റ്റോർ അറ്റൻഡർ തസ്തികകൾ എൽ.ഡി.സ്റ്റോർ കീപ്പർ തസ്തികകൾ ആയി അപ്ഗ്രേഡ് ചെയ്തതും, 4 ഓഫീസ് അറ്റൻഡന്റ് തസ്തികകളും, പുതിയതായി സൃഷ്ടിച്ച 3 ക്ലാർക്ക് തസ്തികകളും അടക്കം ആകെ 25 എണ്ണം പുതിയ നാല് ഐ.ടി.ഐ.-കളിലേയ്ക്ക് വിവിധ തസ്തികകളായി പുനർവിന്യസിച്ച് ക്രമീകരിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത 22 തസ്തികകൾ പ്രസ്തുത ഐ.ടി.ഐ.-കളിൽ നിന്നും ഷിഫ്റ്റ് ചെയ്തും പുതിയതായി സൃഷ്ടിച്ച 3 ക്ലാർക്ക് തസ്തികകകൾ അടക്കം പുതിയ നാല് ഐ.ടി.ഐ.-കളിലേയ്ക്ക് വേണ്ടി ചുവടെപ്പറയുന്ന പ്രകാരം പുനർവിന്യസിച്ചും വിവിധ തസ്തികകളായി ക്രമീകരിച്ചും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പുതിയതായി ആരംഭിക്കുന്ന ഐ.ടി.ഐ.-യുടെ പേര് | മേൽ 25 തസ്തികകൾ പരാമർശം (4) പ്രകാരം ചുവടെപ്പറയുന്ന വിവിധ തസ്തികകളായി പുനർവിന്യസിക്കുന്നു. | ശമ്പള നിരക്ക് | എണ്ണം | ഷിഫ്റ്റ് ചെയ്യുന്ന തസ്തികകളും, ശമ്പള നിരക്കും | ഷിഫ്റ്റ് ചെയ്യുന്ന തസ്തികകൾ നിലവിലുണ്ടായിരുന്ന ഐ.ടി.ഐ.-യുടെ പേര് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | Govt. ITI Edappal | Principal Class-II | 59300-120900 | 1 | 4 Nos. Employability Skill Instructor (37400-79000) | ITI Dhanuvachapuram |
| | | Junior Superintendent | 43400-91200 | 1 | | ITI Chackai |
| | | Clerk | 26500-60700 | 2 | | ITI (W) Kazhakuttom |
| | | | | | | ITI Attingal |
| | | LD Store Keeper ***01.08.2025 മുതൽ പ്രാബല്യം*** | 26500-60700 | 1 | Store Attender (23700-52600) | ITI Nilambur |
| | | Office Attendant ***01.08.2025 മുതൽ പ്രാബല്യം*** | 23000-50200 | 1 | Office Attendant (23000-50200) | ITI Areacode |
| 2 | Govt. ITI Nagalasseri | Principal Class-II | 59300-120900 | 1 | 4 Nos. Employability Skill Instructor (37400-79000) | ITI Kollam |
| | | Junior Superintendent | 43400-91200 | 1 | | ITI Chengannur |
| | | Clerk | 26500-60700 | 2 | | ITI Ettumannur |
| | | | | | | ITI Kalamassery |
| | | LD Store Keeper | 26500-60700 | 1 | Store Attender (23700-52600) | ITI Chengannur |
| | | Office Attendant | 23000-50200 | 1 | Office Attendant (23000-50200) | ITI Malampuzha |
| | | Principal Class-II | 59300-120900 | 1 | 3 Nos. Employability Skill Instructor | ITI Chalakkudy |
| | | Junior Superintendent | 43400-91200 | 1 | | ITI Malampuzha |
| | | | 26500-607 | | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | Govt. ITI Peechi | Clerk | 00 | 1 | (37400-79000) | ITI Kozhikode |
| | | Clerk | 26500-60700 | 1 | **New Creation** | As per G.O Mentioned as Ref. (4) |
| | | LD Store Keeper | 26500-60700 | 1 | Store Attender (23700-52600) | ITI Chathannur |
| | | Office Attendant | 23000-50200 | 1 | Office Attendant (23000-50200) | ITI Chalakkudy |
| 4 | Govt. ITI Chalai | Principal Class-II | 59300-120900 | 1 | 3 Nos. Employability Skill Instructor (37400-79000) | ITI Kannur |
| | | Junior Superintendent | 43400-91200 | 1 | | ITI Kayyur |
| | | Group Instructor | 45600-95600 | 1 | | ITI Pinarayi |
| | | Clerk | 26500-60700 | 2 | **New Creation** | As per G.O Mentioned as Ref. (4) |
| | | LD Store Keeper | 26500-60700 | 1 | Store Attender (23700-52600) | ITI Dhanuvachapuram |
| | | Office Attendant | 23000-50200 | 1 | Office Attendant (23000-50200) | ITI Dhanuvachapuram |
| | | | | 25 | | |

**പുതിയ ഐ.ടി.ഐ.-കളിൽ എടപ്പാൾ ഐ.ടി.ഐ 2024 അക്കാഡമിക് വർഷത്തിൽ ആരംഭിക്കാത്തതിനാലും, 2025 അക്കാഡമിക് വർഷത്തിൽ ആരംഭിക്കുമെന്നതിനാലും **ITI Nilambur, ITI Areacode** എന്നിവിടങ്ങളിലെ യഥാക്രമം ഓരോ **Store Attender, Office Attendant** തസ്തികകൾ 31.07.2025 വരെ മാത്രം അതത് ഐ.ടി.ഐ.-കളിൽ തന്നെ നിലനിൽക്കുന്നതാണ്.*

മേൽ പ്രകാരം പരാമർശം (4) സർക്കാർ ഉത്തരവ് അനുസരിച്ച് പുതിയതായി ആരംഭിക്കുന്ന (ചാല, പീച്ചി, നാഗലശ്ശേരി, എടപ്പാൾ) ഐ.ടി.ഐ.-കളിലേയ്ക്ക് ആവശ്യമായി വരുന്ന **63 (38+25)** സ്ഥിരം തസ്തികകൾ ഇതിനാൽ പുനർവിന്യസിച്ചും പുനഃക്രമീകരിച്ചും ഉത്തരവാകുന്നു. ഈ ഉത്തരവ് സർക്കാർ സാധൂകരണത്തിന് വിധേയമായിരിക്കുന്നതാണ്.

പുനർവ്യന്യസിച്ചിട്ടുള്ള ജൂനിയർ ഇൻസ്ട്രക്ടർ (അരിത്തമെറ്റിക് കം ഡ്രോയിംഗ്), ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ), എംപ്ലോയബിലിറ്റി സ്കിൽ

ഇൻസ്ട്രക്ടർ, സ്റ്റോർ അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ കേഡർ സ്ട്രെങ്ങ്ത് സംബന്ധിച്ച ആവശ്യമായ ക്രമീകരണങ്ങൾ ബന്ധപ്പെട്ട ഐടിഐ പ്രിൻസിപ്പാൾമാർ നടത്തേണ്ടതാണ് .

Signed by Sufiyan Ahmed
Date: 11-11-2024 15:57:28

ട്രെയിനിംഗ് ഡയറക്ടർ

ഉള്ളടക്കം :- അനുബന്ധം

സ്വീകർത്താവ് :-

1) ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

2) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

3) എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്ക്

4) എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ് :-

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം

2) ട്രഷറി ഡയറക്ടർ, പട്ടം, തിരുവനന്തപുരം

3) ചീഫ് പ്രൊജെക്ട് മാനേജർ, സ്പാർക്ക്

4) വകുപ്പ് വെബ് സൈറ്റ് (പ്രസിദ്ധീകരണത്തിന്)